## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2992** **14-02-2024 - ൽ മറുപടിയ്ക്ക്**

### പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗപ്രതിരോധ സംവിധാനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ വന്യമൃഗാക്രമണത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി വനമേഖലയുമായി അതിർത്തി പങ്കിടുന്ന ജനവാസകേന്ദ്രങ്ങളിൽ സമ്പൂർണ്ണ വന്യമൃഗപ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എരുമേലി, മുണ്ടക്കയം, കോരുത്തോട് എന്നീ പഞ്ചായത്തുകളിലായി വനാതിർത്തി പങ്കിടുന്ന കോട്ടയം വനം ഡിവിഷനിൽപ്പെട്ട മേഖലകളിലെ വന്യജീവി ശല്യം തടയുന്നതിനായി വന്യജീവി ആക്രമണം ഉണ്ടായിട്ടുള്ള പ്രദേശങ്ങളിൽ സൗരോർജ്ജ വേലികൾ, ട്രഞ്ചുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രദേശങ്ങളിൽ ഇറങ്ങുന്ന വന്യജീവികളെ തിരികെ കാട്ടിലേക്ക് കയറ്റി വിടുന്നതിനായി വനംവകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശീയർ എന്നിവരെ ഉൾപ്പെടുത്തി ടീമിനെ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം വനം ഡിവിഷനിൽ പീരുമേട് - കോരുത്തോട് ഭാഗം വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട Hotspot ആയി നിർണ്ണയിക്കുകയും ടി സ്ഥലത്ത് വനംവകുപ്പിന്റെ വിവിധവിഭാഗങ്ങളിൽ നിന്നും സ്റ്റാഫിനെ വിന്യസിപ്പിച്ച് ഒരു പ്രത്യേക ടീം രൂപീകരിച്ച് വന്യജീവി ആക്രമണം തടയുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്.<br><br>കണ്ണിമല ഭാഗത്ത് സ്ഥിരമായി ആനക്കൂട്ടം ഇറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നത് തടയാനായി ഇഞ്ചക്കുഴി മുതൽ (പാക്കാനം) മാമ്പാടി വരെ 1.1 കി.മീറ്റർ സൗരോർജ്ജവേലി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇഞ്ചക്കുഴി-ഏന്തക്കുന്ന്, ഇടുക്കികവല-മാങ്ങാപ്പേട്ട, 504 കോളനി-മുന്നോളി, ഏന്തക്കുന്ന്-മുന്നോളി,പായസപ്പടി - എലിവാലിക്കര, ചീനിമരം-പായസപ്പടി, കോയിക്കക്കാവ്ടോപ്പ്-കൊപ്പം, ശാന്തിപുരം-കൊപ്പം, എലിവാലിക്കര-ശാന്തിപുരം, കീരിത്തോട്-ചീനിമരം എന്നിങ്ങനെ ആകെ 13.5 കി.മീറ്റർ സോളാർവേലി അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.<br><br>വന്യജീവി ആക്രമണം തടയുന്നതിനായി പ്രശ്നബാധിതമേഖലകളിലെ തദ്ദേശവാസികളെ |

| | | | |
|---|---|---|---|
| | | | പങ്കെടുപ്പിച്ച് ജനജാഗ്രതാസമിതികൾ രൂപികരിച്ചിട്ടുള്ളതും യോഗങ്ങൾ നിശ്ചിതസമയങ്ങളിൽ ചേർന്ന് പ്രവർത്തനം വിലയിരുത്തി വരുന്നതുമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജ വേലികളുടെ സമീപത്തുള്ള അടിക്കാടുകൾ തെളിക്കുന്ന ജോലികൾ മുൻപിനാലെ വന്യജീവിസംഘർഷം രൂക്ഷമായ ചില മേഖലകളിൽ നടത്തിയിട്ടുള്ളതും ഭാവിയിൽ ഗ്രാമപഞ്ചായത്ത് അധികൃതരുമായി കൂടി ആലോചിച്ച് തുടർന്നും അത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>വന്യമൃഗശല്യം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിലെ വന്യമൃഗശല്യം തടയുന്നതിന് നബാർഡിന്റെ പദ്ധതിയിൽപ്പെടുത്തി 20 കി.മീ. സോളാർ ഹാംഗിംഗ് ഫെൻസിംഗ് നിർമ്മിക്കുന്നതിനും 1.8 കി.മീ. എലിഫെന്റ് പ്രൂഫ് ട്രഞ്ച് നിർമ്മിക്കുന്നതിനുമായി 287.91 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കുകയും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. കൃഷി വകുപ്പിന്റെ ആർ.കെ.വി.വൈ പദ്ധതിയിൽ 22.5 കി.മി സോളാർ ഹാംഗിഗ് ഫെൻസ്, 1.5 കി.മി ആനപ്രതിരോധ കിടങ്ങ് എന്നീ ജോലികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. സോളാർ വേലികളുടെ പ്രവർത്തനം കൃത്യമായി നിരീക്ഷിക്കുന്നതിനും, വന്യജീവി ആക്രമണം ഉണ്ടായാൽ തടയുന്നതിനും തദ്ദേശീയരായ ആളുകളെ ഉൾപ്പെടുത്തി കണ്ണിമല, കോരുത്തോട് പ്രദേശങ്ങളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള വാർഡുതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിലെ സോളാർ വേലികളുടെ നിർമ്മാണവും അറ്റകുറ്റപണികളും ടി സമിതികളുടെ കൂടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. ആയതിനാൽ ടി പ്രദേശത്ത് വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് സാധ്യമായ എല്ലാ ഇടപെടലുകളും ജനപ്രതിനിധികളോടും ജനങ്ങളോടും ചേർന്ന് നടത്തുന്നുമുണ്ട് . |

സെക്ഷൻ ഓഫീസർ